(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) തമ്പാനൂർ പഴവങ്ങാടിവെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള കമ്മിറ്റിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആക്കുളം കായലിന്റെ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി ടൂറിസംവകുപ്പിൽ നിന്നും നല്കിയിട്ടുണ്ട്.

(എഫ്) പണി പുരോഗതിയിലാണ്.

(ജി) ഈ പാലങ്ങളുടെ നിർമ്മാണം യഥാക്രമം ഡിസംബർ 2003-ലും ആഗസ്റ്റ് 2003-ലും പൂർത്തിയാക്കുന്നതാണ്.

(എച്ച്) കാടുവെട്ടി പാലത്തിന്റെ ദർഘാസിൽ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ഇടത്തറ പാലത്തിന്റെ സാങ്കേതികാനുമതി സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ഐ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ജലസേചന വകുപ്പിലെ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ വിഭാഗം ജീവനക്കാർ

44 (4652) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിലെ എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 28-2-2001-ൽ കഴിഞ്ഞ സർക്കാർ നടത്തിയ ഉന്നതതലയോഗത്തിന്റെ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 31-05-2000 വരെയുള്ള എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ., വിഭാഗക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോ ; ഇല്ലെങ്കിൽ ആയത് എന്ന് പ്രസിദ്ധീകരിക്കുമെന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് ജലസേചന വകുപ്പിൽ എത്ര എച്ച്.ആർ., സി.എൽ.ആർ., എസ്. എൽ. ആർ. വിഭാഗം ജീവനക്കാർ 31-5-2000-ൽ നിലവിലുണ്ട് ; കാറ്റഗറി തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ ;

(ഡി) എച്ച് ആർ കാറ്റഗറിയിൽ ഇപ്പോഴും പുതിയ നിയമനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തുമാനദണ്ഡം അനുസരിച്ചാണ് നിയമനം നടത്തുന്നത് ;

(ഇ) ജി. ഒ. (പി) 106/85/പി. ഡബ്ല്യു. ആന്റ് ടി. തീയതി 17-9-1985 അനുസരിച്ച് ഇറിഗേഷൻ കൂടി ഉൾപ്പെട്ട പി. ഡബ്ല്യു. ഡി. വകുപ്പിൽ അന്നത്തെ എൻ. എം. ആർ, ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പുതുതായി അനുവദിച്ച തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ ഒഴിവുകളിലേക്ക് 31-5-2000 വരെ ജോലി ചെയ്തിട്ടുള്ള എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. വിഭാഗക്കാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുമോ ;

(ജി) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പിലെ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് മുൻജലസേചന വകുപ്പുമന്ത്രി 28-2-2001-ന് വിളിച്ചു കൂട്ടിയ യോഗ തീരുമാനമനുസരിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ടി ജീവനക്കാരുടെ ഒരു സീനിയോറിറ്റി ലിസ്റ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് ജലവിഭവ വകുപ്പിൽ 31-5- 2000-ൽ 180 ഉം അതിൽകൂടുതലും ദിവസം ജോലി ചെയ്തിട്ടുള്ള 1517 എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരുണ്ട്. ഇവരുടെ കാറ്റഗറി തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി) എച്ച്. ആർ. കാറ്റഗറിയിൽ പുതിയ നിയമനം നടത്തരുതെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(എഫ്&ജി) ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അഭിപ്രായം പറയുവാൻ കഴിയുകയുള്ളു.

ജലവിഭവ വകുപ്പിൽ നിന്നും പുനർവിന്യസിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർ

45 (4653) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2003-ലെ സ. ഉ. (കൈ) നം. 33/03/തസ്വഭവ ഉത്തരവു പ്രകാരം ജലവിഭവ വകുപ്പിൽ നിന്നും പുനർവിന്യസിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരിൽ എത്രപേർക്ക് തിരികെ ജലവിഭവ വകുപ്പിലേക്ക് നിയമനം നൽകിയെന്നു വെളിപ്പെടുത്താമോ ;

(ബി) പുനർവിന്യാസപ്പട്ടികയിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരത്തിൽ ഒഴിവാക്കിയവർക്ക് പകരം ജീവനക്കാരെ തദ്ദേശ ഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇങ്ങനെ ഒഴിവാക്കിക്കൊടുക്കുന്നത് സർക്കാരിന്റെ പുനർവിന്യാസ പ്രക്രിയയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly